## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4797 23.07.2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻജിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് സൗജന്യ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; | എ) | ഉണ്ട്. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; | ബി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം ടി സമൂഹത്തിന്റെ ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടെങ്കിലും എൻട്രൻസ് പരീക്ഷാ റാങ്ക് ലിസ്റ്റുകളിൽ ഉണ്ടാകണമെന്ന ലക്ഷ്യത്തോടെ മിടുക്കരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് എം.ബി.ബി.എസ്/എഞ്ചിനീയറിംഗ്/ ബി.ഡി.എസ് അനുബന്ധ പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിനായി 10 മാസം നീണ്ടുനിൽക്കുന്ന എൻട്രൻസ് കോച്ചിംഗ്, ഒരു മാസം നീണ്ടുനിൽക്കുന്ന ക്രാഷ് കോഴ്സ് എന്നീ പരിശീലനങ്ങൾ സൗജന്യമായി കേരളത്തിലെ ഏറ്റവും മികച്ച കോച്ചിംഗ് സ്ഥാപനങ്ങളിൽ നൽകി വരുന്നുണ്ട്. ടി സൗജന്യ പരിശീലന ക്ലാസ് നൽകുന്നതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം |

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിനും എൻട്രൻസ് പരീക്ഷയിൽ ഉന്നത വിജയം നേടി പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടുവാനും ടി പദ്ധതി ലക്ഷ്യമിടുന്നു. |
| സി) | ഈ സർക്കാരിന്റെ കാലത്ത് പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | സി) | വർഷാവർഷങ്ങളിൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടു കൂടി 10 മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് കോച്ചിംഗ്, 1 മാസം നീണ്ടു നിൽക്കുന്ന ക്രാഷ് കോഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തി കോച്ചിംഗ് നൽകി വരുന്നു. ഈ സർക്കാരിന്റെ കാലത്ത് 10 മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് കോച്ചിംഗിൽ 216 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും ആയതിൽ 67 വിദ്യാർത്ഥികൾ എൻട്രൻസ് പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച് എം.ബി.ബി.എസ്, ബി.ടെക്, ബി.ഡി.എസ്, മറ്റ് അനുബന്ധ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുമുണ്ട്. ഈ സർക്കാരിന്റെ കാലത്ത് ക്രാഷ് കോഴ്സിൽ 300-ഓളം പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒരു മാസം നീണ്ടു നിൽക്കുന്ന എൻട്രൻസ് കോച്ചിംഗ് പരിശീലനം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ